കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ല-വളയം ഗ്രാമ പഞ്ചായത്ത്- വ്യാവസായിക പരിശീലന വകുപ്പിന് സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 1479/2014/തസ്വഭവ                    തീയതി, തിരുവനന്തപുരം 11-6-2014

പരാമർശം: 1) വളയം ഗ്രാമ പഞ്ചായത്തിന്റെ 21/2/2014 തീയതിയിലെ 4/2014 -ാം നമ്പർ തീരുമാനം

2) വളയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 4/3/2014 ലെ എ2.742/11 നമ്പർ കത്ത്

2) പഞ്ചായത്ത് ഡയറക്ടറുടെ 13/3/2014 ലെ സി2 1401/14 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമ പഞ്ചായത്ത് വളയം സർക്കാർ ഐടിഐ യ്ക്ക് വേണ്ടി വാങ്ങിയ വടകര താലൂക്കിലെ വളയം വില്ലേജിലെ റീസർവ്വേ 26,24/1-ൽപ്പെട്ട 39.52 ആർ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ച് പരാമർശം (2) പ്രകാരം പഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം വളയം ഗ്രാമ പഞ്ചായത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് മേൽ പരാമർശിച്ച 39.52 ആർ സ്ഥലം വളയം സർക്കാർ ഐടിഐ യ്ക്കുവേണ്ടി വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുകൊടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്/എൽബിഎ&എ) കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
സെക്രട്ടറി , വളയം ഗ്രാമ പഞ്ചായത്ത്, വളയം പി.ഒ, കോഴിക്കോട്, പിൻ 673517
ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
തൊഴിലും പുനരധിവാസവും വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.